പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2803 — 14/02/2013-ൽ മറുപടിക്ക്

# അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ.ജോസഫ് വാഴക്കൻ :
ശ്രീ.എം.എ.വാഹീദ്
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.എം.പി.അബ്ദുള്ളക്കുട്ടി

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; | (ബി) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഈ അമ്മമാരുടേയും, കുഞ്ഞുങ്ങളുടേയും ഭൗതിക ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, ജീവനോപാധി പദ്ധതികൾ (കന്നുകാലി വളർത്തൽ, തയ്യൽപരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തൽ) എന്നിവ ഉൾപ്പെടുന്നു. സ്നേഹസ്പർശം എന്നപേരിൽ ഒരു പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 1000/- രൂപ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | സാമൂഹ്യ സുരക്ഷ മിഷൻ മുഖേനയാണ് സ്നേഹസ്പർശം പദ്ധതി നടപ്പിലാക്കുന്നത്. മറ്റു പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പാണ് നടപ്പിലാക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ആദിവാസി അമ്മമാരുടെ മേല്പറഞ്ഞ പുനരധിവാസ പദ്ധതിക്കായി 2011-12 വർഷം വകയിരുത്തിയ 6,89,08,500/- രൂപ വിതരണം ചെയ്യുകയും 31.3.12 വരെ വിവിധ പദ്ധതികൾക്കായി 3,06,70,709/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ